പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1140 — 04.02.2019-ൽ മറുപടിക്ക്

## ചെർപ്പുളശ്ശേരി ഓവർ ബ്രിഡ്ജ് പ്രവൃത്തിയുടെ പുനർനാമകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ.ശശി** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) 2017-18 വർഷത്തെ കിഫ്ബി പ്രവൃത്തിയായ ഷൊർണ്ണൂർ മണ്ഡലത്തിലെ 'ചെർപ്പുളശ്ശേരി ഓവർ ബ്രിഡ്ജ്' എന്ന പ്രവൃത്തി 'ചെർപ്പുളശ്ശേരി ബൈപ്പാസ് നിർമ്മാണവും നഗരവികസനവും' എന്നാക്കി പുനർനാമകരണം ചെയ്യുവാൻ പ്രൊപ്പോസൽ സമർപ്പിച്ചതിൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) യും (ബി) യും: 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി തത്വത്തിൽ അനുമതി നൽകിയ 'ചെർപ്പുളശ്ശേരി ഓവർ ബ്രിഡ്ജ്' എന്ന പ്രവൃത്തിക്ക് പകരമായി 'ചെർപ്പുളശ്ശേരി ബൈപ്പാസ് നിർമ്മാണവും നഗരവികസനവും' എന്ന പ്രവൃത്തിക്ക് അനുമതി നൽകുന്ന പ്രൊപ്പോസൽ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പുനർനാമകരണം നടത്തി ഈ പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ